**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 207   14.07.2016- ൽ മറുപടിക്ക്

## ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനങ്ങൾ

**ചോദ്യം**

**ശ്രീ.കെ.കുഞ്ഞിരാമൻ**
**,, ആന്റണി ജോൺ**
**ശ്രീമതി യു. പ്രതിഭാ ഹരി**
**ശ്രീ.യു. ആർ. പ്രദീപ്**

**മറുപടി**

ശ്രീ. എ.സി.മൊയ്തീൻ
(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br>റീജിയണൽ മാനേജർമാരുടെ അവലോകന യോഗങ്ങൾ വിളിച്ച് ചേർത്ത് വ്യാപാരം മെച്ചപ്പെടുത്തുന്നതിനും, പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ കൺസ്യൂമർഫെഡറേഷനിൽ സ്വീകരിച്ചിട്ടുണ്ട്.<br>ത്രിവേണി സ്റ്റോറുകൾ ആവശ്യമായ സാധനങ്ങൾ റീജിയണൽ പർച്ചേസ് കമ്മിറ്റി മുഖേന വാങ്ങുന്ന സമ്പ്രദായം അവസാനിപ്പിച്ച് ഇ.ടെൻഡർ സംവിധാനം നടപ്പിലാക്കുവാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.<br>ത്രിവേണി സൂപ്പർ മാർക്കറ്റ് വഴിയുള്ള വിൽപ്പന വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മീറ്റ് പ്രൊഡക്റ്റ്സ് ഓഫ് ഇൻഡ്യയുടെ വിവിധയിനം ഇറച്ചി ഉത്പന്നങ്ങളും, ഹോർട്ടികോർപ്പിന്റെ വിഷ വിമുക്ത പച്ചക്കറികളും, കേരഫെഡിന്റെ കേര വെളിച്ചെണ്ണയും, തീരദേശ വികസന കോർപ്പറേഷന്റെ സൗരോർജ്ജ പാനലുകൾ ഉപയോഗിച്ച് ഉണക്കിയ മത്സ്യ വിൽപ്പനയും ആരംഭിച്ചിട്ടുണ്ട്.<br>വിൽപ്പന വർദ്ധിപ്പിക്കുന്നതിലൂടെയും, കുറഞ്ഞ നിരക്കിൽ പർച്ചേസ് നടത്തുന്നതിലൂടെയും, ചെലവ് ചുരുക്കൽ എന്നിവയിലൂടെയും ത്രിവേണി സ്റ്റോറുകൾ ലാഭത്തിലാക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | നാമമാത്രമായി പ്രവർത്തിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ; | (ബി) | നന്മ ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ ജന മനസ്സുകളിൽ സ്ഥാനം പിടിക്കുന്നതിനായി, സപ്ലൈകോ, അവരുടെ ഔട്ട്ലെറ്റുകൾ വഴി നൽകുന്നതുപോലെ, വർഷം മുഴുവൻ 13 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ റേഷൻ കാർഡ് മുഖേന നിയന്ത്രിച്ച് സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുന്നതിന് പദ്ധതിയുണ്ട്. |
| (സി) | ത്രിവേണി മാർക്കറ്റുകൾക്കായി വാങ്ങിയിട്ടുള്ള വാഹനങ്ങളുടെ വിവരം നൽകുമോ; അവ ഇപ്പോൾ പ്രവർത്തനക്ഷമമാണോ; ഇല്ലെങ്കിൽ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (സി) | ത്രിവേണി മാർക്കറ്റുകൾക്കായി സംസ്ഥാനത്തൊട്ടാകെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ 142 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ (മൊബൈൽ ത്രിവേണികൾ) ആരംഭിച്ചിരുന്നു. അവയിൽ 65 മൊബൈൽ ത്രിവേണി സ്റ്റോറുകൾ ഇപ്പോൾ പ്രവർത്തനക്ഷമമാണ്. ബാക്കിയുള്ള 77 മൊബൈൽ ത്രിവേണികളുടെ പ്രവർത്തനം ടെസ്റ്റുവർക്കിനു വേണ്ടിയുള്ള അറ്റകുറ്റപണികൾ, ഫെഡറേഷൻ നൽകി വരുന്ന കുറഞ്ഞ വേതന നിരക്കിൽ ഡ്രൈവർമാരുടെ ലഭ്യതക്കുറവ്, ആവശ്യമായ അളവിൽ സ്റ്റോക്ക് എത്തിക്കാനുള്ള സാമ്പത്തിക പരിമിതികൾ മൂലമുണ്ടാകുന്ന വിൽപ്പനക്കുറവ്, എന്നീ കാരണങ്ങളാൽ താത്ക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്. |
| (ഡി) | ത്രിവേണി സ്റ്റോറുകളിലൂടെ വിൽക്കുന്ന ഉല്പന്നങ്ങൾക്ക് പൊതുമാർക്കറ്റിനെ അപേക്ഷിച്ച് വിലക്കുറവും ഗുണനിലവാരവും ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) | നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ